**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5567** **13-08-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂരിൽ റോഡ് നവീകരണത്തിന് വന ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ മണ്ഡലത്തിൽ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഭാഗത്ത് കെ.എൻ.ജി. റോഡിനോട് ചേർന്നുള്ള റോഡ് നവീകരിക്കുന്നതിന് രണ്ട് മീറ്റർ വീതിയിൽ വനം വകുപ്പിന്റെ സ്ഥലം അനുവദിക്കണമെന്ന പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | നിലമ്പൂർ നോർത്ത് ഡിവിഷൻ ഓഫീസിന്റെ മുൻപിലൂടെ പോകുന്ന സി.എൻ.ജി റോഡിന്റെ വീതി കൂട്ടുന്നതിനായി 0.03 2 2 ഹെക്ടർ വനഭൂമി വിട്ടു നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടിവ് എൻജിനീയർ 05/02/2018 ൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയിന്മേൽ എഫ്. സി. നോഡൽ ഓഫീസർ വിശദീകരണം ചോദിച്ചിട്ടുണ്ട്. ഇക്കാര്യം രേഖപ്പെടുത്തി യൂസർ ഏജൻസിക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്ററ് -ന്റെ ഓഫീസിൽ നിന്നും ഒരു ക്വറി ഓൺലൈൻ ആയി നൽകിയിട്ടുണ്ട് . ആയതിനു യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് മറുപടി നൽകിയിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ച അപേക്ഷ എന്നാണ് വകുപ്പിൽ ലഭിച്ചതെന്നും ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്നും അറിയിക്കാമോ; | (ബി) | പൊതുമരാമത്ത് വിഭാഗം ഓൺലൈൻ അപേക്ഷ സമർപ്പിച്ചത് 05/02/2018 നാണ്. ഇത് സംബന്ധിച്ച് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നൽകിയ ക്വറിക്ക് മറുപടി ലഭിച്ചാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഈ അപേക്ഷ നിലവിൽ യൂസർ ഏജൻസിയായ പൊതുമരാമത്ത് ഓഫീസിൽ പെൻഡിംഗിലാണ്. |
| (സി) | പ്രസ്തുത അപേക്ഷ പ്രകാരം എത്ര ഹെക്ടർ ഭൂമിയാണ് വനം വകുപ്പ് വിട്ട് നൽകേണ്ടി വരികയെന്ന് അറിയിക്കാമോ; | (സി) | പൊതുമരാമത്ത് വകുപ്പ് നൽകിയ വനഭൂമിയാണ് വനം വകുപ്പ് വിട്ട് നൽകേണ്ടത്. |
| (ഡി) | ഒരു ഹെക്ടറിൽ താഴെ വനഭൂമി വിട്ടു നൽകുന്നതിന് സംസ്ഥാന തലത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ; ഇപ്രകാരം മറ്റു വകുപ്പുകൾക്ക് ഭൂമി വിട്ട് നൽകുന്നതിൽ | (ഡി) | 1 ഹെക്ടറിൽ താഴെ വനഭൂമി വിട്ടു നൽകുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തീരുമാനം കൈക്കൊള്ളാവുന്നതാണ്. വനം വകുപ്പിൽ നിലവിൽ ഇതിന്റെ ചുമതല |

| | | | |
|---|---|---|---|
| | തീരുമാനമെടുക്കേണ്ട സംസ്ഥാനത്തെ വനം വകുപ്പ് ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കാമോ; | | വഹിക്കുന്നത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( എഫ്. എൽ. & ആർ) & നോഡൽ ഓഫീസർ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് & ക്യാമ്പ തിരുവനന്തപുരമാണ്. |
| (ഇ) | റോഡ് വിപുലീകരണത്തിനായി രണ്ട് മീറ്റർ വീതിയിൽ സ്ഥലം ഒഴിവാക്കിയാണോ ടി ഭൂമി വന ഭൂമിയായി വിജ്ഞാപനം ചെയ്യാൻ അപേക്ഷ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ ഇപ്രകാരം സ്ഥലം വിട്ട് നൽകുന്നതിന് എന്ത് സാങ്കേതിക തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (ഇ) | റിസർവ്വ് വിജ്ഞാപനത്തിനുള്ള പ്രൊപ്പോസലിൽ പൊതു മരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രസ്തുത 0. 0322 ഹെക്ടർ വനഭൂമിയും ഉൾപ്പെടുന്നുണ്ട്. വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയായതിനാൽ വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് 1980ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള അനുമതി ലഭ്യമാക്കേണ്ടത്. |
| (എഫ്) | ടി ഫയലിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നത് മനുഷ്യാവകാശ ലംഘനമായി കണക്കാക്കപ്പെടും എന്നത് സംബന്ധിച്ച് അഭിപ്രായം അറിയിക്കുമോ? | (എഫ്) | ഈ ഫയലിൽ തീരുമാനം കൈക്കൊള്ളുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തു നിന്നും കാലതാമസം ഉണ്ടായിട്ടില്ല. ഇതിനെ മനുഷ്യവകാശ ലംഘനമായി കണക്കാക്കാൻ കഴിയില്ല. പ്രസ്തുത 0.0322 ഹെക്ടർ സ്ഥലം വിട്ടു നൽകാത്തതുമൂലം റോഡിലൂടെ യാത്ര ചെയ്യുന്നതിന് ഒരു തടസ്സവുമില്ല. നിലവിലെ റോഡ് നൂറ്റാണ്ട പഴക്കമുള്ളതാണ്. ഭാവിയിലെ ആവശ്യം മുൻനിർത്തിയാണ് റോഡ് വികസന പ്രക്രിയ നടത്തുന്നത്. ഈ സ്ഥലം ലഭ്യമാകാത്തതു കാരണം റോഡ് വികസന ജോലി നിർത്തി വയ്ക്കേണ്ട സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന സ്ഥലത്ത് വിവിധ ഇനത്തിൽപ്പെട്ട ധാരാളം മരങ്ങൾ വളർന്നു നിൽക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ